**Deepika**

**09 August 2018**

**Thodupuzha, Water Storage,**

**Kumali, Mullaperiyar Dam, Water Level**

# ജലശേഖരം 93 ശതമാനം

**തൊടുപുഴ:** കാലവർഷം 69 ദിനങ്ങൾ പിന്നിടുമ്പോൾ സംസ്ഥാനത്തെ ജലശേഖരം 93 ശതമാനം. 414 കോടി യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളമാണ് സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളിലുമായി സംഭരിക്കാവുന്നത്. 38578 കോടി യൂണിറ്റിനുള്ള വെള്ളം ഇപ്പോൾ സംഭരിച്ചുകഴിഞ്ഞു.

ഇടമലയാർ പൂർണ സംഭരണ ശേഷിയിലെത്തി. ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് സംഭരണ ശേഷിയുടെ 93.2 ശതമാനത്തിലെത്തി. വൈദ്യുതി ബോർഡിന്റെ മറ്റു പ്രധാന അണക്കെട്ടുകളിലെ ഇന്നലത്തെ ജലനിരപ്പ് (ശതമാനത്തിൽ) ഇങ്ങനെയാണ്. പമ്പ 96, ഷോളയാർ 100, മാട്ടുപ്പെട്ടി 89, പൊന്മുടി 97, നേര്യമംഗലം 97, ലോവർപെരിയാർ 100, കുറ്റ്യാടി 93, കുണ്ടള 59, ആനയിറങ്കൽ 35 ശതമാനം.

## മുല്ലപ്പെരിയാർ 132.8 അടി

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് കനത്ത മഴ തുടരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഇന്നലെ വൈകുന്നേരം 132.8 അടിയായി.

അണക്കെട്ടിലേക്ക് സെക്കൻഡിൽ 1240 ഘനയടി വെള്ളം ഒഴുകി എത്തുന്നുണ്ട്. തമിഴ്നാട്ടിലേക്ക് സെക്കൻഡിൽ 1600 ഘനയടി വെള്ളം കൊണ്ട് പോകുന്നുണ്ട്. തേക്കടിയിൽ 21 മില്ലിമീറ്ററും മുല്ലപ്പെരിയാറ്റിൽ 35.6 മില്ലിമീറ്ററും മഴ രേഖപ്പെടുത്തി.